**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3966** **15.03.2017-ൽ മറുപടിയ്ക്ക്**

## ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ. പി.ഉബൈദുള്ള | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ആയതിന്റെ ഭാഗമായി നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി.<br><br>സഹകരണ സംഘങ്ങളിൽ/ സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ റവന്യൂ റിക്കവറി/ ജപ്തി മുതലായ നിർബന്ധിത നടപടികൾ ആരംഭിച്ചിട്ടുള്ള വായ്പകൾക്ക് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചു. വായ്പാകുടിശ്ശിക കുറയ്ക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം 2017' പദ്ധതി നടപ്പിലാക്കി സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കി. |

| | | |
|---|---|---|
| | | ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും, കേരള സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലേക്കായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പഠനം നടത്തി വരുന്നു. ജില്ലാ സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതിനായി എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും പൊതുവായ ഒരു സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ജില്ലാ ബാങ്കുകളുടെ പുതിയ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ജില്ലാ ബാങ്കുകളുടെ പുതിയ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) ജില്ലാ ബാങ്കുകൾ പുതിയ ശാഖകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ശാഖകൾക്ക് അനുമതി നിഷേധിക്കുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ; | (സി) യും (ഡി) യും) | ജില്ലാ ബാങ്കുകൾ പുതിയ ശാഖകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾക്ക് ശാഖകൾ ആരംഭിക്കുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ